# ഇവിടെത്തന്നെ ജനിച്ചതാണു ഞാൻ

വരിനെല്ലുകൾ പൂത്തു നില്ക്കുമീ
വയലിൽക്കൂടെ വിരുന്നുകാരനായ്
വരുമീക്കുളിർ കാറ്റുമൊത്തു ഞാൻ
ഇതിലേയെത്തുകയായി പിന്നെയും.

പലനാളു കഴിഞ്ഞുവെങ്കിലും
ഇവിടെക്കാൺമു തെളിഞ്ഞ മുദ്രകൾ.
വഴികാട്ടുകയാണു നാടിനീ
പ്പദമുദ്രാങ്കിത വെൺമണൽപ്പുറം.

അനഘാശയ! നീയുറങ്ങുമീ
ഗ്ഗിരി തൻ താഴ്വരയിങ്കൽ മൂകനായ്
ഇരു മാത്രകൾ നില്ക്കവേ മനം
അറിയുന്നു ഗതകാല നൊമ്പരം.

കരിമൂർഖനിഴഞ്ഞു പോയിടും
വഴിയിൽക്കൂടെ നടന്നുകൂടപോൽ!
മണിമഞ്ചലു കണ്ടു മാറണം!
സ്മൃതിയും വേദവുമുദ്ഘോഷിച്ചവർ.

മതിലാകെ വളച്ചു ചുറ്റിലും
നട തൻ വാതിലടച്ച നാളുകൾ!
കരുണാമയനായ ദൈവവും
തടവിൽത്തന്നെ കഴിഞ്ഞ നാളുകൾ!

പുറവേലികൾ കെട്ടി, യെന്തിനീ
മതവൈതാളികരെൻ്റെ നാടിനെ
നരകത്തിനു തുല്യമാക്കിയെ-
ന്നറിയാതീവഴി പോയ നാളുകൾ
തലതാഴ്ത്തി മയങ്ങിടുന്നൊരാ
സ്മൃതി തൻ നീണ്ടു വളഞ്ഞ പാതയിൽ
തളിരിട്ട മരങ്ങൾ തൻ നിഴൽ-
ത്തറ പറ്റി, ത്തനിയേ നടന്നു ഞാൻ.

അരുവിക്കരെ, നീ കൊളുത്തിയോ –
രഭിമാനത്തിരി കൈയിലേന്തി നാം
ഇതിലേ, യിരുൾ കീറിയെത്തിയീ
പുലർകാല പ്രഭ നീണ്ട പാതയിൽ.

തരിമണ്ണിതിൽ നിന്നു മർത്യനെ
തിരുകൈയാലവിടുന്നു തീർത്തുവോ?
യുഗമേഖല നീളെ നീളുമാ –
പ്പൂകൾ പൊങ്ങുന്നതു നോക്കി നിന്നു ഞാൻ.

തല കുമ്പിട്ടു കുനിഞ്ഞു നില്ക്കുവാൻ
ഇനിയാരുണ്ടു വണങ്ങി നില്ക്കുവാൻ?
തലപൊക്കി നിവർന്നു നില്പു ഞാൻ
ഇവിടെത്തന്നെ ജനിച്ചതാണു ഞാൻ.

•
അവസാനിച്ചു.